# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 927 08.01.2014 - ൽ മറുപടിക്ക്

**വാട്ടർ അതോറിറ്റി കുടിവെള്ള വിതരണത്തിന് നൽകിവരുന്ന വൈദ്യുതി ചാർജ്ജ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി, കുടിവെള്ള വിതരണത്തിന് നല്കേണ്ടിവരുന്ന വൈദ്യുതി ചാർജ്ജ് ഏത് നിരക്കിൽ പെടുന്നതാണ് ; | (എ) | വ്യവസായികനിരക്ക് (HT-I(A) LT 4 (A) യും) ആണ് ബാധകമാക്കിയിട്ടുള്ളത്. |
| (ബി) | വാട്ടർ അതോറിറ്റി നല്കുന്നത് വ്യവസായ താരീഫ് ആണോ ; ഇത് മാറ്റാൻ സാധ്യതയുണ്ടോ ; | (ബി) | അതെ, കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേക വൈദ്യുതി താരിഫ് അനുവദിച്ചു നൽകുന്നതിനായി ഒരു നിവേദനം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് കേരള വാട്ടർ അതോറിറ്റി 23/08/2013-ൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ജല നിധി - തദ്ദേസ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന കുടിവെള്ള വിതരണ പദ്ധതികൾക്ക് നല്കുന്ന വൈദ്യുതി താരീഫ് കേരള വാട്ടർ അതോറിറ്റിയ്ക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ടി നിവേദനത്തിൽ കുടിവെള്ള വിതരണ മേഖലയിൽ സേവനം നൽകുന്ന ജലനിധി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി തുടങ്ങിയവയെ ഒരേ താരീഫിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ എടുക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ